(ഡി) ട്രാഫിക് സുരക്ഷയ്ക്കായി പ്രത്യേക വകുപ്പും സംവിധാനങ്ങളും ഏർപ്പെടുത്തുമോ;

(ഇ) ആലുവ-കോതമംഗലം റൂട്ടിൽ അപകടങ്ങൾ ഒഴിവാക്കാൻ എടുത്ത നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) റോഡു കയ്യേറി വ്യാപാരവും മറ്റും നടത്തുന്നവർക്കെതിരേ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ട്രാഫിക് സുരക്ഷയ്ക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഇ) ആലുവ, പെരുമ്പാവൂർ, കോതമംഗലം എന്നിവിടങ്ങളിൽ ട്രാഫിക് യൂണിറ്റുകൾ ഊർജ്ജിതമായി പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് റോഡുകളിൽ ഫമ്പുകൾ നിർമ്മിച്ചു വരുന്നു. കൂടാതെ മൂവാറ്റുപുഴ ആർ.ടി. ഓഫീസിൽ അനുവദിച്ചിട്ടുള്ള മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡ് ഈ മേഖല കേന്ദ്രമാക്കി കാര്യക്ഷമമാക്കി പ്രവർത്തിച്ചുവരുന്നു. ഈ റോഡിൽ അമിത വേഗത തടയുന്നതിനായി കർശനമായ ട്രാഫിക് ചെക്കിംഗും നടത്തി വരുന്നുണ്ട്.

## കൊച്ചുവേളിയിൽ റെയിൽവേയുടെ നിർദ്ദിഷ്ട സാറ്റലൈറ്റ് സ്റ്റേഷൻ നിർമ്മാണം

132 [586] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കൊച്ചുവേളിയിൽ റെയിൽവേയുടെ നിർദ്ദിഷ്ട സാറ്റലൈറ്റ് സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് കടകംപള്ളി വില്ലേജിൽ നിന്ന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഇപ്പോൾ എത്ര വീടുകൾ ഉണ്ട്; എത്ര സ്ഥാപനങ്ങളുണ്ട് എന്ന് അറിയിക്കുമോ;

(സി) ഈ വീടുകളിൽ താമസിക്കുന്നവരെ ഒഴിപ്പിക്കുകയാണെങ്കിൽ റെയിൽവേ അധികൃതർ ഇവർക്കായി പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഒഴിപ്പിക്കപ്പെടാൻ സാദ്ധ്യതയുള്ളവർക്ക് നിയമാനുസരണം അറിയിപ്പുകൾ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുനരധിവാസം, നഷ്ടപരിഹാരം എന്നീ കാര്യങ്ങളിൽ സ്ഥലവാസികളുമായോ, ജനപ്രതിനിധികളുമായോ, സംസ്ഥാന സർക്കാരോ, റെയിൽവേയോ ധാരണ ഉണ്ടാക്കിയിട്ടുണ്ടോ;

(എഫ്) പുനരധിവാസം ഉറപ്പാക്കണമെന്ന് റെയിൽവേ അധികൃതരോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടണമെന്ന സ്ഥലം എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ജി) നിയമാനുസരണമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടാതെ ഈ പ്രദേശത്ത് ഒഴിപ്പിക്കൽ നടപടികൾ ഉണ്ടാകില്ലെന്ന് ഉറപ്പു വരുത്താൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2.68 ഹെക്ടർ.

(ബി) 126 വീടുകളുണ്ട്. നാലു ചെറിയ പെട്ടിക്കടകൾ ഒഴിച്ചാൽ മറ്റു സ്ഥാപനങ്ങൾ ഒന്നും ഇല്ല.

(സി) പുനരധിവസിപ്പിക്കാനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) എൽ.എ. ആക്ട് സെക്ഷൻ 4 (1) അനുസരിച്ചുള്ള നോട്ടീസ് നടത്തിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) നിയമാനുസൃതമുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടു മാത്രമേ ഭൂമി ഏറ്റെടുക്കുകയുള്ളൂ.

റെയിൽവേ സ്റ്റേഷൻ പുനർനാമകരണം ചെയ്യുന്ന നടപടി

133 [587] ശ്രീ. വി. ഡി. സതീശൻ:
„ ലൂഡി ലൂയിസ്:
„ എം. പി. ഗംഗാധരൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും റെയിൽവേസ്റ്റേഷൻ പുനർ നാമകരണം ചെയ്യുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം സംസ്ഥാന ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ബി) ഈ നിർദ്ദേശത്തോട് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം വെളിപ്പെടുത്തുമോ?



LIBRARY ARCHIVES Kerala Legislative Assembly